LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ നികുതി പിരിവ് കാര്യക്ഷമമായി നടന്നുവരുന്നു.

(ബി) ഡോർ ടു ഡോർ കളക്ഷൻ, കുടുംബശ്രീ സംവിധാനം, ക്യാമ്പ് കളക്ഷൻ, ഗ്രാമസഭകളിലൂടെയും ഗ്രാമസേവ കേന്ദ്രങ്ങളിലൂടെയും പ്രത്യേക അറിയിപ്പുനൽകി നികുതി ശേഖരിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നികുതി പിരിവ് പുരോഗതി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിലും ജില്ലാതലത്തിലും അവലോകനം നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണം

165 (2798) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വികസിപ്പിച്ചെടുത്തിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ)

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

2. ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക്ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും രണ്ടുവർഷത്തേയ്ക്കുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ആരോഗ്യം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം തുടങ്ങിയ മേഖലയിൽ വാർഡുതലത്തിൽ മുൻതൂക്കം നൽകി പ്രവൃത്തികൾ നടന്നുവരുന്നു. ആരോഗ്യ-ശുചിത്വ മേഖലയിൽ വാർഡുതല ശുചിത്വസമിതിയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വാർഡുതല ജാഗ്രതാ സമിതികളും നിലവിൽവന്നു. കൂടാതെ ആശാപ്രവർത്തകരുടെയും ആരോഗ്യ-ശുചിത്വ സമിതികളുടെയും ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് പ്രതിവർഷം 50,000 രൂപ ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

4. ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

5. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായിവരുന്നു. 978 ഗ്രാമപഞ്ചായത്തുകളിലും പുതിയ അക്രൂവൽ ബേയ്സ്ഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. അവ 'സാംഖ്യ' സോഫ്റ്റ്വെയറിലൂടെയാണ് പ്രവർത്തി ക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്വെയർ വഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ്വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 'സേവന(പെൻഷൻ)' എന്ന സോഫ്റ്റ്വെയറിലൂടെയും ചെയ്യുവരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിറ്റുകൾ ഓൺലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവത്കരണം അന്തിമ ഘട്ടത്തിലാണ്. വസ്തു നികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' എന്ന സോഫ്റ്റ്വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്കരിച്ചുവരുന്നു.

6. ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ 2011-ൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. വികസന ഫണ്ടിൽ മേഖലയനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കിയിട്ടുണ്ട്.

8. ഭക്ഷ്യവിള വിസ്തൃതി വർദ്ധിപ്പിക്കുക, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് സാദ്ധ്യമാകുന്ന നടപടികൾ സ്വീകരിച്ച് ഉൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

9. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കിയിട്ടുണ്ട്.

10. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വനിതാ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 682 ഗ്രാമപഞ്ചായത്തുകളിൽ വാർഡുതല സമിതിയും 650 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്തുതല സഹായ സമിതിയും 477 ഗ്രാമപഞ്ചായത്തുകളിൽ നിയമസഹായസമിതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

11. ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർവത്കരണം തുടങ്ങിയ നടപടികളിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

12. എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായിവരുന്നു. 978 ഗ്രാമപഞ്ചായത്തുകളിലും അക്രൂവൽ ബേയ്സ്ഡ് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യം' സോഫ്റ്റ്വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ്വെയർ വഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ്വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 'സേവന (പെൻഷൻ)' എന്ന സോഫ്റ്റ്വെയറി ലൂടെയും ചെയ്തുവരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിറ്റുകൾ ഓൺ ലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാവുന്നതാണ്. ജനന-മരണ-വിവാഹരജിസ്ട്രേഷനുകളുടെ മുൻകാലരേഖകളുടെ കമ്പ്യൂട്ടർവത്കരണം പൂർത്തീകരിച്ചു. വസ്തു നികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' എന്ന സോഫ്റ്റ്വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്കരിച്ചുവരുന്നു. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്മാർ ജോലി ചെയ്യുന്നുണ്ട്. സേവനാവകാശ നിയമം ആദ്യം നടപ്പാക്കിയ വകുപ്പാണ് തദ്ദേശ സ്വയംഭരണ വകുപ്പ്. 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നൽകാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു.

(സി) ഏകീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സെക്രട്ടറി (ഗ്രാമ പഞ്ചായത്ത്), സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ രണ്ടുതരം സെക്രട്ടറി തസ്തികകൾ ഏകീകരിച്ച് 18740-33680 രൂപ ശമ്പള നിരക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന തസ്തിക 978 ഗ്രാമപഞ്ചായത്തുകളിൽ നിലവിൽവന്നു.

(ഡി)

1. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. (2013-14 വർഷത്തിൽ 8-9 മാസം വരെയും 2014-15-ൽ 7-8 മാസം വരെയും പദ്ധതി നിർവ്വഹണത്തിന് സമയം ലഭിച്ചിരുന്നു.)

2. അർഹതപ്പെട്ട എല്ലാപേർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്കരിച്ച് ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തും.

4. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണനിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

5. ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

6. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കും.

7. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

കടത്തിക്കൊണ്ടുവരുന്ന കുട്ടികൾ

166 (2799) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതിയായ രേഖകൾ ഇല്ലാതെ കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര കുട്ടികളെയാണ് കടത്തിക്കൊണ്ടുവന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്താവശ്യത്തിനു വേണ്ടിയാണ് കുട്ടികളെ ഇപ്രകാരം കടത്തിക്കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കടത്തിക്കൊണ്ടുവരുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ ഏറ്റെടുക്കാറുണ്ടോ ; ഇവരെ തിരിച്ച് രക്ഷാകർത്താക്കളെ ഏൽപ്പിക്കാറുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 24-5-2014-ൽ ബീഹാർ, ജാർഖണ്ഡ്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും പാലക്കാട് റെയിൽവേ സ്റ്റേഷനിൽ എത്തിയ 578 കുട്ടികളിൽ മുക്കം മുസ്ലീം ഓർഫനേജിലെ വിദ്യാർത്ഥികളായിരുന്ന 207 പേരെയും വെട്ടത്തൂർ അൻവാരുൾ ഹുദ കോംപ്ലക്സ് ഓർഫനേജിലെ വിദ്യാർത്ഥികളായിരുന്ന 64 പേരെയും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുകയും 198 പേരെ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുകയും 109 പേരെ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ കമ്മിറ്റി മാതാപിതാക്കൾക്ക് കൈമാറുകയുമുണ്ടായി. 21-5-2015-ൽ മതിയായ രേഖകളില്ലാതെ 29 കുട്ടികൾ എറണാകുളം റെയിൽവേ സ്റ്റേഷനിൽ നെടുമ്പാശ്ശേരിലെ ഖദീജത്തുൽ കുബ്റ ഇസ്ലാമിക് ഓർഫനേജിലേയ്ക്ക് കൊണ്ടുവന്നതും തുടർന്ന് 1-6-2015-ൽ 16 കുട്ടികളെ ആലുവയിലെ ജനസേവ ശിശുഭവൻ കൊണ്ടുവന്നതും എറണാകുളം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും പരിഗണനയിലാണ്.

(ബി) കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയാണ് കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly